88 (668) കെ.എഫ്.സി.ക്ക് പണയപ്പെടുത്തിയ ഭൂമിയുടെ കൈമാറ്റം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര പഞ്ചായത്തിൽ കെ.എഫ്.സി.യ്ക്ക് പണയപ്പെടുത്തിയിരുന്ന ഭൂമി അക്കാര്യം അറിയിക്കാതെ സ്ഥലമുള്ള കൃഷിക്കാർക്ക് വിൽപ്പന നടത്തിയതിനെ തുടർന്ന് കൃഷിക്കാർ കുടിയിറക്ക് ഭീഷണി നേരിടുന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഭൂപരിഷ്കരണ നിയമം പ്രകാരം മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ളതാണ് പ്രസ്തുത ഭൂമി. അതോടൊപ്പം ഭൂവുടമ പ്രസ്തുത ഭൂമി കെ.എഫ്.ബി.യ്ക്ക് പണയപ്പെടുത്തി ഭീമമായ തുക കടമെടുത്തിട്ടുണ്ട്. തുക തിരിച്ചടക്കാത്ത സാഹചര്യത്തിൽ ഭൂമി കോർപ്പറേഷന് കൈമാറ്റം ചെയ്യുന്നതിന് കോടതിവിധി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുടിശ്ശികയ്ക്ക് പകരമായി സർക്കാർ നിശ്ചയിക്കുന്ന വില കെ.എഫ്.സി.യ്ക്ക് ലഭ്യമാക്കി കുടിശ്ശിക ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും, പ്രസ്തുത ഭൂമിയ്ക്ക് സംയുക്തമായി വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയ്ക്ക് പകരമായി പ്രസ്തുത വില ഈടാക്കുന്നത് സംബന്ധിച്ച് കെ.എഫ്.സി. അധികൃതരുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അതോടൊപ്പം സർക്കാരിൽ നിക്ഷിപ്തമായ മിച്ചഭൂമി ആയതിനാൽ ഇക്കാര്യത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകളും പരിശോധിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ ഇക്കാര്യത്തിലെ നിയമപരമായ വശങ്ങളും കൈയ്യേറ്റത്തിന്റെ സ്വഭാവവും സീലിംഗ് കേസിൽപ്പെട്ട ഭൂമി വായ്പയായി നൽകപ്പെട്ടതിന്റെ നിയമപരമായ ബാദ്ധ്യതയും പരിശോധിക്കുന്നതിന് ലാന്റ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിശദാംശങ്ങൾ വിശകലനം ചെയ്ത ശേഷം മാത്രമേ ഇത് സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുവാൻ നിർവ്വാഹമുള്ളൂ.

89 (669) പുളിങ്ങോം വില്ലേജിലെ കുടിയിറക്ക് ഭീഷണി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട തൃക്കരിപ്പൂർ മണ്ഡലത്തിലെ പെരിങ്ങോം-വയക്കര പഞ്ചായത്തിലെ പുളിങ്ങോം വില്ലേജിൽ ആറാട്ടു കടവിൽ കൈവശ കൃഷിക്കാർ കർണ്ണാടക വനം വകുപ്പിന്റെ കുടിയിറക്ക് ഭീഷണി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly